# പോലീസ് വകുപ്പ്
# കേരളം

**No.H1-27359/2022/DR**

ജില്ലാ പോലീസ് ഓഫീസ്,
കോഴിക്കോട് റൂറൽ
✉spkkdrl.pol@kerala.gov.in
📞04962523031
തീയതി.12-10-2022

**DO No. 639/2022/ഡി ആർ**

വിഷയം : അച്ചടക്ക നടപടി -ശ്രീ റഷീദ് എം എസ് ,CPO 7142(PEN540400)-DHQ ,കോഴിക്കോട് റൂറൽ എന്നയാൾക്കെതിരെയുള്ള വാക്കാലന്വേഷണം (H1/PR-07/2022 DR) -പിആർ മിനുറ്റ്സ് തീർപ്പ് കൽപ്പിക്കുന്നത് സംബന്ധിച്ച് :-

സൂചന : 1..05.11.2020 തിയ്യതിയിലെ സ.ഉ.(പി)152/2020 ധന നമ്പർ സർക്കാർ ഉത്തരവ്
2..30.12.2020 തിയ്യതിയിലെ 83/2020 ധന നമ്പർ ഉത്തരവ്
3.31.05.2022 തിയ്യതിയിലെ ഈ ഓഫീസിലെ H1/27359/2022/DR നമ്പർ ഉത്തരവ്
4.23.08.2022 തിയ്യതിയിലെ വടകര കോസ്റ്റൽ പോലീസ് ഇൻസ്പെക്ടറുടെ 02/PR/OE/VCPS/22/DR നമ്പർ പിആർ മിനുറ്റ്സ്
5.29.08.2022 തിയ്യതിയിലെ ഇതേ നമ്പർ കാരണം കാണിക്കൽ നോട്ടീസ്
6.കാരണം കാണിക്കൽ നോട്ടീസിന് 09.09.2022 തിയ്യതി കുറ്റാരോപിതൻ സമർപ്പിച്ച മറുപടി

ശ്രീ. റഷീദ് എം. എസ് CPO 7142 (PEN 540400) എന്നയാൾ കോഴിക്കോട് റൂറൽ DHQ വിൽ ജോലി ചെയ്തു വരവേ വിദേശത്തു ജോലി നോക്കുന്നതിന് വേണ്ടി ശൂന്യവേതന അവധിക്ക അപേക്ഷിക്കുകയുണ്ടായി. ആയത് പ്രകാരം 09.08.2005 തിയ്യതിയിലെ G.O.(Rt).No. 2002/2005/ആഭ്യന്തരം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ടിയാൻ 20.08.2005 തിയ്യതി മുതൽ അവധിയിൽ പ്രവേശിക്കുകയും തുടർന്നു 27.01.2011 തിയ്യതിയിലെ G.O.(Rt).No. 273/2011/ആഭ്യന്തരം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 20.08.2010 തിയ്യതി മുതൽ വീണ്ടും തുടർച്ചയായി അവധിയിൽ പ്രവേശിക്കുകയും തുടർന്നു 11.01.2016 തിയ്യതിയിലെ PHQ വിലെ L5/148672/2015/PHQ നമ്പർ ഉത്തരവ് പ്രകാരം 20.08.2015 തിയ്യതി മുതൽ വീണ്ടും ശൂന്യ വേതന അവധിയിൽ പ്രവേശിക്കുകയും ചെയ്തിട്ടുള്ളതാണ് .

19.08.2020 തിയ്യതി അവധി അവസാനിച്ച തിരികെ ജോലിയിൽ പ്രവേശിക്കാനിരിക്കെ ടിയാൻ സർക്കാരിന്റെ അനുമതി ഇല്ലാതെ തൊഴിൽ കരാർ പുതുക്കിയ നടപടി അംഗീകരിക്കാനാവില്ലെന്നും ആയതിനാൽ അവധി ദീർഘിപ്പിച്ചു നൽകണമെന്ന ടിയാൻറെ അപേക്ഷ പരിഗണിക്കാൻ കഴിയില്ലെന്നും അടിയന്തിരമായി സർവീസിൽ തിരികെ പ്രവേശിക്കണമെന്നു ടിയാന് നിർദേശം നൽകുവാൻ 02.04.2022 തിയ്യതിയിലെ K1/198/2021/ആഭ്യന്തരം നമ്പർ സർക്കാർ കത്ത് പ്രകാരം നിർദേശിച്ചതിന്റെ അടിസ്ഥാനത്തിൽ തിരികെ ജോലിയിൽ പ്രവേശിക്കുന്നതിന് ടിയാന് രേഖാമൂലം നിർദേശം നൽകിയിട്ടും ടിയാൻ ജോലിയിൽ പ്രവേശിക്കാതെ അനധികൃതമായി അവധിയിൽ തുടർന്നു ഗുരുതരമായ അച്ചടക്ക ലംഘനം കാണിച്ചതിന് സൂചന 1, 2 സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ടിയാനെതിരെ അച്ചടക്ക നടപടി സ്വീകരിച്ച് സർവീസിൽ നിന്നും നീക്കം ചെയ്യണമെന്ന ബഹു സംസ്ഥാന പോലീസ് മേധാവിയുടെ 11.04.2022 തിയ്യതിയിലെ L5/102412/2020/PHQ നമ്പർ കത്തിലെ നിർദേശത്തിന്റെ അടിസ്ഥാനത്തിൽ സൂചന 3 ലെ ഉത്തരവ് പ്രകാരം ടിയാനെതിരെ ഒരു വാക്കാലന്വേഷണം ഉത്തരവാകുകയും അന്വേഷണം നടത്തി പി ആർ മിനുറ്റ്സ് സമർപ്പിക്കുന്നതിന് വടകര കോസ്റ്റൽ പോലീസ് ഇൻസ്പെക്ടറെ ചുമതലപ്പെടുത്തുകയുമുണ്ടായി.

അന്വേഷണാനന്തരം അന്വേഷണ ഉദ്യോഗസ്ഥൻ സമർപ്പിച്ച പി ആർ മിനുറ്റ്സും അനുബന്ധ രേഖകളും ഞാൻ വിശദമായി പരിശോധിച്ചു. കുറ്റാരോപണമെമ്മോയിൽ ടിയാനെതിരെ ഉന്നയിക്കപ്പെട്ട കുറ്റം വിശദമായ വാക്കാലന്വേഷണത്തിൽ തെളിയുന്നുണ്ടെന്ന അന്വേഷണ ഉദ്യോഗസ്ഥാൻറെ നിഗമനത്തോട് യോജിച്ച് കൊണ്ട് തെളിഞ്ഞ കുറ്റത്തിനുള്ള ശിക്ഷയായി ,ടിയാൻ അവധി അവസാനിച്ച് തിരികെ ജോലിയിൽ ഹാജരാകേണ്ടിയിരുന്ന 20.08.2020 തിയ്യതി മുതൽ ടിയാനെ സർവീസിൽ നിന്നും നീക്കം ചെയ്യുന്നതിന് ഞാൻ താൽക്കാലികമായി തീരുമാനിക്കുകയും സൂചന 5 പ്രകാരം ടിയാന് ഒരു കാരണം കാണിക്കൽ നോട്ടീസ് നൽകുകയുമുണ്ടായി. മേൽ കാരണം കാണിക്കൽ നോട്ടീസിന് ടിയാൻ സമർപ്പിച്ച മറുപടി വിശദമായി പരിശോധിച്ചിട്ടുള്ളതാണ്. ടിയാൻ സമർപ്പിച്ച മറുപടി തൃപ്തികരമല്ലാത്തതിനാലും ടിയാൻ ഇന്നേവരെ തിരികെ ജോലിയിൽ പ്രവേശിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാത്തതിനാലും എന്റെ താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തിക്കൊണ്ട് **,ശ്രീ റഷീദ് എം എസ് CPO 7142** എന്നയാളെ **20.08.2020** തിയ്യതി മുതൽ സർവീസിൽ നിന്നും നീക്കം ചെയ്തുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

മേൽ ഉത്തരവിനെതിരെ ഈ ഉത്തരവ് കൈപ്പറ്റി രണ്ടു മാസത്തിനകം ടിയാന് ബഹു: കണ്ണൂർ റേഞ്ച് ഡെപ്യൂട്ടി പോലീസ് ഇൻസ്പെക്ടർ ജനറൽ മുമ്പാകെ അപ്പീൽ സമർപ്പിക്കാവുന്നതാണ്.



11-10-2022
കറുപ്പസാമി.ആർ. ഐ.പി.എസ്,
ജില്ലാ പോലീസ് മേധാവി

സ്വീകർത്താവ് : ശ്രീ റഷീദ് എം എസ് ,CPO 7142 : അസിസ്റ്റൻറ് കമാൻഡൻറ് ,DHQ ,കോഴിക്കോട് റൂറൽ മുഖേന

പകർപ്പ് : അസിസ്റ്റൻറ് കമാൻഡൻറ് ,DHQ ,കോഴിക്കോട് റൂറൽ: നടത്തിപ്പിനും തിയ്യത്തി വെച്ച ലക്ഷ്യം വാങ്ങി തിരിച്ചയക്കുന്നതിനും.
അഡീഷണൽ എസ്.പി. (ഭരണം), എ.എ., മാനേജർ, ജൂനിയർ സൂപ്രണ്ടുമാർ, ഹെഡ് ക്ലർക്ക്, എന്നിവരുടെ അറിവിലേക്കായി
എ1 മുതൽ എ5 B, ബി1,ബി2,ബി3, എഫ്1 മുതൽ എഫ് 6 വരെയുള്ള സെക്ഷനുകൾക്കും അറിവിലേക്കും അനന്തരനടപടിക്കുമായി
ഡി.ഓ ബുക്ക് , ഡി.ഓ ഫയൽ